"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സൈനിക ക്ഷേമ വകുപ്പ് — സായുധസേനാ അക്കാഡമികളിൽ പ്രവേശനം നേടുന്നവർക്കുള്ള ഒറ്റത്തവണ സ്കോളർഷിപ്പ്- Lt അക്ഷയ് ആർ നായർ-ക്ക് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2/2024/SWD തീയതി,തിരുവനന്തപുരം, 04-01-2024

---

പരാമർശം:- 1. സ.ഉ(കൈ) നം.27/2019/സൈ.ക്ഷേ.വ തീയതി 19.08.2019.

2. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ (ഇൻ-ചാർജ്ജ്) ന്റെ 14.12.2023 ലെ B6/CG/380852/2023/ഡി.എസ്.ഡബ്ല്യു. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സായുധ സേനയുടെ കീഴിലുള്ള വിവിധ ട്രെയിനിംഗ് അക്കാഡമികളിൽ പ്രവേശനം നേടുകയും പരിശീലനം വിജയകരമായി പൂർത്തിയാക്കി സായുധസേനയിൽ ഓഫീസറായി ജോലിയിൽ പ്രവേശിക്കുകയും ചെയ്യുന്ന കേരളീയരായ കേഡറ്റുകൾക്ക് സംസ്ഥാന സർക്കാരിൽ നിന്നും ഒറ്റത്തവണ സ്കോളർഷിപ്പ് ഏർപ്പെടുത്തി പരാമർശം 1 പ്രകാരംഉത്തരവായിട്ടുണ്ട്.

2. ഇപ്രകാരം ജോലിയിൽ പ്രവേശിച്ച Lt അക്ഷയ് ആർ നായർ സ്കോളർഷിപ്പ് അനുവദിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം 2 പ്രകാരം സർക്കാരിന്റെ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

3. പ്രസ്തുത അപേക്ഷ സർക്കാർ പരിശോധിച്ചു. അത് പ്രകാരം Lt അക്ഷയ് ആർ നായർ സ്കോളർഷിപ്പിന് അർഹനാണെന്നു കാണുന്നു. ഈ സാഹചര്യത്തിൽ സായുധ സേനയുടെ കീഴിലുള്ള ഓഫീസേഴ്സ് ട്രെയിനിംഗ് അക്കാഡമി, ഗയ- യിൽ പ്രവേശനം നേടി വിജയകരമായി പരിശീലനം പൂർത്തിയാക്കി സായുധ സേനയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ള Lt അക്ഷയ് ആർ നായർ, കൃഷ്ണകൃപ, ലക്കൂർ, മല്ലശ്ശേരി പി.ഒ, പത്തനംതിട്ട -689 646-ന് സംസ്ഥാന സർക്കാരിൽ നിന്നുള്ള സ്കോളർഷിപ്പ് ഇനത്തിൽ **2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം)** അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. പ്രസ്തുത ചെലവ് ഇനത്തിലുള്ള 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) 2235-60-200-

61 എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ് :-

1. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
2. Lt അക്ഷയ് ആർ നായർ, കൃഷ്ണകൃപ, ലക്കൂർ, മല്ലശ്ശേരി പി.ഒ, പത്തനംതിട്ട - 689 646
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
5. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
6. സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Jenshar
സെക്ഷൻ ഓഫീസർ
Date: 04-01-2024 16:15:22